2005 ജനുവരിയിൽ എറണാകുളത്തുവച്ചു നടന്ന തൊഴിൽദായകരുടെയും തൊഴിലന്വേഷകരുടെയും മേള

48 [2820] ശ്രീ. വി. ഡി. സതീശൻ :

,, ജി. കാർത്തികേയൻ :

,, എൻ. ഡി. അപ്പച്ചൻ :

,, കെ. അച്ചുതൻ :

പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005 ജനുവരിയിൽ എറണാകുളത്തുവച്ച് തൊഴിൽദായകരുടെയും തൊഴിലന്വേഷകരുടെയും ഒരു മേള നടന്നിട്ടുണ്ടോ;

(ബി) പ്രസ്തുത മേളയിൽ ഗവൺമെന്റ് പ്രതിനിധികൾ ഒബ്സർവർ ആയി പങ്കെടുത്തുവോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) തൊഴിൽദായകർക്ക് ഏതുവിധത്തിലുള്ള തൊഴിലന്വേഷകരെയാണ് വേണ്ടതെന്നും അവർക്ക് ആവശ്യമായ സാങ്കേതികവും മറ്റ് വിധത്തിലുള്ളതുമായ യോഗ്യതകളും പരിശീലനങ്ങളും എന്തെല്ലാമാണെന്നും തൊഴിൽദായകരെ അറിയിക്കുവാൻ ഈ മേളയിൽ പങ്കെടുക്കുന്നതുമുഖേന കഴിയുമായിരുന്നുവോ;

(ഇ) എങ്കിൽ ഈ മേളയിൽ വച്ച് എത്ര പേർക്ക് തൊഴിൽ നേടുവാനോ തൊഴിൽ കരാറുകളിൽ ഒപ്പിടുവാനോ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2005 ജനുവരിയിൽ എറണാകുളത്തുവച്ച് നോർക്ക വകുപ്പിന്റെ ആഭിമുഖ്യത്തിൽ തൊഴിൽദായകരുടെയും തൊഴിലന്വേഷകരുടെയും ഒരു മേളയും നടന്നിട്ടില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

(ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly